# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1545** **04-10-2016-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.ശാഖകൾ

| | ചോദ്യം<br><br>ശ്രീ. മുല്ലക്കര രത്നാകരൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 600 ശാഖകൾ. |
| (ബി) | 2015-16 സാമ്പത്തിക വർഷം ഈ സ്ഥാപനം എത്ര രൂപയുടെ ലാഭം നേടിയെന്ന് വ്യക്തമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷത്തിലെ ടാക്സിനുമുമ്പുള്ള ലാഭം (Provisional) 181.65 കോടി രൂപയാണ്. |
| (സി) | കെ.എസ്.എഫ്.ഇ ചിട്ടി ഇടപാടുകാർക്ക് കൂടുതൽ സാമ്പത്തിക പ്രയോജനം ലഭ്യമാകുന്നതരത്തിൽ ചിട്ടി ഇടപാടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചിട്ടി ഇടപാടുകാർക്ക് കൂടുതൽ സാമ്പത്തിക പ്രയോജനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രത്യേക സമ്മാന പദ്ധതികളോട്ട് കൂടിയ പൊന്നോണ ചിട്ടികൾ എന്ന കാമ്പയിൻ നടന്നു കൊണ്ടിരിക്കുകയാണ്. സമ്മാനങ്ങൾ കൂടാതെ ചിട്ടി തുടങ്ങിയതിനു ശേഷം ഒരു വർഷത്തിനുള്ളിൽ മരണപ്പെട്ടുന്ന ചിറ്റാളന്മാരുടെ 2 ലക്ഷം രൂപ വരെയുള്ള മേൽ ബാധ്യത എഴുതിത്തള്ളുക, ലോൺ ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയിലുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ തുടരുന്നതോടൊപ്പം ഈ പദ്ധതികളെ കൂടുതൽ വിപുലീകരിക്കുന്നതിനുമുള്ള സാധ്യതാ പഠനങ്ങളും ചിട്ടി പദ്ധതി കൂടുതൽ ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.